# പെരുന്നാൾ പൊരുൾ

**ഡോ. മുസ്ത്വഫസ്സിബാഈ**

* ഐക്യം മുറ്റിയ സമൂഹത്തിൽ പെരുന്നാൾ എല്ലാവരുടേതുമായിരിക്കും. ശിഥില സമൂഹത്തിലാവട്ടെ ചിലർക്കത് പെരുന്നാളും മറ്റു ചിലർക്കത് ചാവടിയന്തരവുമായിരിക്കും.

* പെരുന്നാൾ നമുക്ക് മഹത്തായൊരു സാമൂഹിക പാഠമേകുന്നു. അതെന്തെന്നാൽ, എല്ലാവരും പങ്കെടുക്കുന്ന പൊതുസന്തോഷം ചിലർ മാത്രം പങ്കെടുക്കുന്ന ഭാഗിക സന്തോഷത്തേക്കാൾ മനസ്സിനെ സ്വാധീനിക്കുന്നുവെന്നുള്ളതാണ്. പെരുന്നാൾ സുദിനത്തിൽ സകല ഹൃദയങ്ങളിലും സന്തോഷം നിറയുന്നു. ദുഃഖിതരെന്നോ രോഗികളെന്നോ ഭാരംപേറി തളർന്നവരെന്നോ വ്യത്യാസമില്ല. അതവരുടെ മനസ്സിൽ നിന്നുറവുപൊട്ടുന്ന സന്തോഷമല്ല. മറിച്ച്, സമൂഹത്തിൽനിന്നും ചുറ്റുപാടിൽനിന്നും ഉറവുപൊട്ടുന്നതാണ്. അഥവാ, സമൂഹത്തിന്റെ സന്തോഷം വ്യക്തിയുടെ വേദനകളെ കീഴടക്കുന്നു. വ്യക്തിയുടെ വേദനകളാവട്ടെ, സമൂഹത്തിന്റെ വേദനകളെ കീഴടക്കുന്നില്ല. അതുകൊണ്ടുതന്നെ പെരുന്നാൾ വ്യക്തികളിൽ സാമൂഹിക വികാരം ഉദ്ദീപിപ്പിക്കാൻ നിമിത്തമാവുന്നു.

* മുസ്‌ലിംകളുടെ നാവുകൾ തക്ബീർ മുഴക്കും പോലെ അവരുടെ ഹൃദയങ്ങൾ തക്ബീർ മുഴക്കിയിരുന്നെങ്കിൽ ചരിത്രത്തിന്റെ ഗതി അവർ തിരിച്ചുവിട്ടേനെ. പെരുന്നാൾ നമസ്കാരത്തിന് ഒത്തുകൂടും പോലെ എപ്പോഴും ഒത്തുകൂടാൻ അവർക്കു കഴിഞ്ഞിരുന്നെങ്കിൽ ശത്രുവിന്റെ ശക്തിദുർഗങ്ങൾ അവർ തകർത്തെറിഞ്ഞേനെ. ഹസ്തദാനം പോലെ ഹൃദയദാനം അവർക്കായിരുന്നെങ്കിൽ ശൈഥില്യത്തിന്റെ കാരണങ്ങൾ അവർ നിർമൂലനം ചെയ്തേനെ. ചുണ്ടുകൾ പുഞ്ചിരിക്കും പോലെ മനസ്സുകൾ പുഞ്ചിരിച്ചിരുന്നെങ്കിൽ അവർ സ്വർഗവാസികളായേനെ. മൃഗങ്ങളെ ബലിചെയ്യും പോലെ സ്വാർഥതയെ ബലികഴിച്ചിരുന്നെങ്കിൽ അവരുടെ ദിനങ്ങളൊക്കെയും പെരുന്നാൾ സുദിനങ്ങളായേനെ. മോടിയുറ്റ വസ്ത്രമണിയുമ്പോലെ മഹിമയുറ്റ സ്വഭാവഗുണങ്ങൾ അണിഞ്ഞിരുന്നെങ്കിൽ അവർ ഭൂമുഖത്തെ ഏറ്റവും നല്ല ജനതയായേനെ.

* ഇസ്‌ലാം നിർദേശിക്കുന്ന പെരുന്നാളിന്റെ പൊരുൾ മുസ്‌ലിംകൾ ശരിക്കും ഉൾക്കൊണ്ടിരുന്നെങ്കിൽ ആ ദിനം അവരുടെ ദേശത്തിന്റെ മോചനം സാധിക്കുന്ന മഹത്തായ സുദിനമായേനെ.

* ചിലർ ചിരിക്കുകയും വേറെ ചിലർ കരയുകയും ചെയ്യുന്ന ഭൂമിയിലെ പെരുന്നാൾ ആകാശത്തുള്ളവരെ സംബന്ധിച്ചേടത്തോളം വിലാപദിനമാണ്.

* പെരുന്നാളാഘോഷം നാട്ടാചാരമായിത്തീരുന്നതോടെ അതിന്റെ ആത്മാവ് വിനഷ്ടമാവുന്നു. സമൂഹത്തിൽ അതിന്റെ സ്വാധീനം നേർത്തുപോകുന്നു. പിന്നീടത് കേവലം വിനോദ-വിശ്രമ വേളയായി പരിണമിക്കുന്നു.

(ഹുസൈൻ കടന്നമണ്ണ വിവർത്തനം ചെയ്ത 'ജീവിത പാഠങ്ങൾ' എന്ന കൃതിയിൽനിന്ന്)